പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 128 06.01.2014-ൽ മറുപടിയ്ക്ക്

എലത്തൂർ മിനി സ്റ്റേഡിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (കായികവകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ എലത്തൂർ മിനി സ്റ്റേഡിയത്തിന് (പെരുന്തുരുത്തി) അനുവദിച്ച മൾട്ടി സ്പോർട്സ് സ്പെയ്സിന്റെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ ; | (എ) | കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ എലത്തൂർ മിനി സ്റ്റേഡിയത്തിന് (പെരുന്തുരുത്തി) അനുവദിച്ച മൾട്ടി സ്പോർട്സ് പ്ലേ സ്പെയ്സിന്റെ പ്രവൃത്തി 2014 ജനുവരി മാസത്തിൽ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ കളിസ്ഥലം നിർമ്മിക്കാൻ ആദ്യം നിർദ്ദേശിക്കപ്പെട്ട സ്ഥലം സാങ്കേതികകാരണങ്ങളാൽ അനുയോജ്യമല്ലെന്നു കണ്ടെത്തുകയും, പര്യാപ്തമായ മറ്റൊരിടം തീരുമാനിക്കുകയും നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | (ബി | വോളീബോൾ, ഷട്ടിൽ, ഹാൻഡ്ബോൾ, ഖോ-ഖോ, കബഡി എന്നീ കായികയിനങ്ങളുടെ പരിശീലനത്തിനും ബാസ്ക്കറ്റ്ബോൾ, ടെന്നീസ്, മിനി ടെന്നീസ് എന്നീ കായികയിനങ്ങളിൽ മത്സരത്തിനും ഉപയോഗിക്കുവാൻ പര്യാപ്തമായ വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ